

# വിശ്വാസവും ഭാവനയും

ലേഖനം ● **ശിഹാബുദ്ദീൻ ആരാമ്പ്രം**

**മനുഷ്യമനസ്സിലെ** അപൂർവ സിദ്ധിവിശേഷമാണ് വിശ്വാസം. പ്രവർത്തനങ്ങളെ ആത്മാർഥവും സംശുദ്ധവുമാക്കുന്ന ചൈതന്യമാണ് അതിനെ നിലനിർത്തുന്നത്. മനുഷ്യൻ ഒറ്റപ്പെട്ട അസ്തിത്വമോ സർവ ചരാചരങ്ങളും ആശ്രയിക്കുന്ന പരാശക്തിയോ അല്ല. അവ രണ്ടിനും ഇടക്കാണ്. സ്രഷ്ടാവിന്റെ അനശ്വരതയാണ് മനുഷ്യനെ വിശ്വാസത്തിന്റെ ഉടമയാക്കുന്നത്. ജീവിതത്തെ പാപമുക്തമാക്കാനും അന്യരോട് മമതയിൽ വർത്തിക്കാനും മാത്രമല്ല വിശ്വാസം സഹായിക്കുക; മർദകരോട് പൊരുതാനും പീഡിതരോട് ഐക്യദാർഢ്യം പുലർത്താനും കരുത്ത് പകരുന്നു.

എന്നാൽ മനസ്സിനെ ആനന്ദിപ്പിക്കുന്ന ഘടകമായാണ് ഭാവനയെ വ്യവഹരിക്കാറുള്ളത്; കലാസാഹിത്യ രംഗത്ത് വിശേഷിച്ചും. സംഭവങ്ങളെയും അനുഭവങ്ങളെയും അനശ്വരമാക്കുന്ന അപൂർവ ചാരുതയാണ് ഭാവനയിലെ പ്രധാന ഘടകം. അത് സൃഷ്ടിയുടെ വിജയത്തിന് നിർബന്ധവുമാണ്. എന്നാൽ, വിശ്വാസം ഭാവനയെ അനശ്വരവും ഉത്കൃഷ്ടവുമാക്കും. അതിന്റെ അഭാവത്തിൽ കലാസൃഷ്ടിയുടെ ദൗത്യം ആസ്വാദനത്തിൽ മാത്രം പരിമിതപ്പെടുന്നു. വിശ്വാസത്തിൽനിന്ന് അടർത്തിമാറ്റിയ ദൃശ്യങ്ങളും അനുഭവങ്ങളും മനുഷ്യരാശിയുടെ ശാശ്വത വിജയത്തിന് പ്രഥമ പരിഗണന നൽകുന്നില്ല. എന്നാൽ ഭാവനയുടെ പ്രാരംഭദശ വിശ്വാസത്തിന്റെ അടിത്തറയിലാണ് പണിതിരുന്നത്. ചരിത്രത്തിന്റെ അനുസ്യൂതമായ പ്രവാഹത്തിനിടയിൽ ഭാവന വിശ്വാസത്തിൽനിന്ന് പിഴുതെടുക്കപ്പെടുകയാണുണ്ടായത്.

പുരാതന കലകളിൽ അതിപ്രധാനമാണ് ഗുഹാചിത്രങ്ങൾ. പ്രാചീന മനുഷ്യന്റെ കഠിന യത്നത്തിന്റെ ഫലമായിരുന്നു അവ. ആധികളെ അതിജീവിക്കാനുള്ള സന്ദേശം അവയിൽനിന്ന് ചരിത്രകാരന്മാർ നിർധാരണം ചെയ്തിട്ടുണ്ട്. എന്നാൽ, ദൈവിക വെളിപാടിന്റെ അഭാവത്തെയാണ് അത്തരം ചിത്രങ്ങൾ സൂചിപ്പിക്കുന്നതെന്ന് കെ.ഇ.എൻ നിരീക്ഷിക്കുന്നു. മൃഗത്തെ കുന്തംകൊണ്ട് കുത്തുന്ന ചിത്രം അതിജീവനത്തിന്റെ മുദ്രാവാക്യമാണ് ഉയർത്തിപ്പിടിക്കുന്നത്. ദൈവത്തിന്റെ അടിമയാണെങ്കിൽ മറ്റൊന്നിനെയും ഭയപ്പെടേണ്ടതില്ലെന്ന അധ്യാപനമാണ് ചിത്രങ്ങൾ ഉൽപാദിപ്പിക്കുന്നത്. ദൈവത്തെ ഭയപ്പെടുമ്പോൾ, ദൈവത്തിന്റെ പക്ഷത്ത് നിന്ന് മറ്റുള്ളവയെ ഭയപ്പെടുത്താനുള്ള കരുത്ത് പ്രാചീന കാലത്തെ ഗുഹാ മനുഷ്യന് കൈവന്നിരുന്നതായി വേണം കരുതാൻ. ജീവൻ പണയപ്പെടുത്തി, കീഴടക്കാൻ അസാധ്യമായ ശക്തിയെ നേരിടുമ്പോൾ ജീവിതത്തിന് സംരക്ഷണമോ മോക്ഷമോ നൽകുന്ന വിശ്വാസം പ്രാചീന മനുഷ്യനെ സ്വാധീനിച്ചിരുന്നതായി കരുതുന്നതാണ് സത്യത്തോട് അടുത്ത് നിൽക്കുന്ന സമീപനം. പോരാട്ടത്തിലെ ജയപരാജയങ്ങളെ മറികടക്കുന്ന അത്തരം സംഭവങ്ങളാണ് മനുഷ്യനെ പുരോഗതിയിലേക്കും അതിജീവനത്തിലേക്കും വഴിനടത്തിയത്. കലയും സാഹിത്യവും മതമൂല്യങ്ങൾ നൽകിയ വസന്തത്തിന്റെ ശേഷിപ്പുകളായിരുന്നു എന്നു കാണാൻ പ്രയാസമില്ല.

ഭാരതത്തിന്റെ കലാസാഹിത്യ പാരമ്പര്യവും ഇതിൽനിന്ന് ഭിന്നമല്ല. നാടകം പ്രാകൃതമായ ആരാധനാ ചടങ്ങുകളിൽ നിന്ന് രൂപപ്പെട്ടതാണെന്നും ഋഗ്വേദത്തി

**ലോകത്ത് ഉടലെടുത്ത എല്ലാ പ്രാചീന സംസ്കാരങ്ങളിലും ഭാവന വിശ്വാസത്തിലേക്കുള്ള പാതയായിരുന്നു. ഭൗതികവും ബൗദ്ധികവുമായ കാരണങ്ങളാൽ സദാചാര വീക്ഷണത്തിലുണ്ടായ വ്യതിയാനം ഭാവനയിൽനിന്ന് വിശ്വാസത്തെ മാറ്റിനിർത്താൻ ഇടവരുത്തി.**

ലുള്ള സംഭാഷണങ്ങൾ രംഗത്ത് അഭിനയിക്കാവുന്ന നാടകീയ ബദലാണെന്നും ഡി.ഡി കൊസംബി നിരീക്ഷിച്ചിട്ടുണ്ട്. ഭാരതീയ നാട്യകലയുടെ വേര് മതാനുഷ്ഠാനാത്മകമായ 'നിഗൂഢ നാടക'ങ്ങളിലാണെന്നാണ് അദ്ദേഹം സൂചിപ്പിക്കുന്നത്. ലോകത്ത് ഉടലെടുത്ത എല്ലാ പ്രാചീന സംസ്കാരങ്ങളിലും ഭാവന വിശ്വാസത്തിലേക്കുള്ള പാതയായിരുന്നു. ഭൗതികവും ബൗദ്ധികവുമായ കാരണങ്ങളാൽ സദാചാര വീക്ഷണത്തിലുണ്ടായ വ്യതിയാനം ഭാവനയിൽനിന്ന് വിശ്വാസത്തെ മാറ്റിനിർത്താൻ ഇടവരുത്തി.

പുരാതന യവനരുടെ മതദർശനം യൂറോപ്യൻ ഭാവനയിൽ ചെലുത്തിയ സ്വാധീനവും ഇതിൽനിന്ന് ഭിന്നമല്ല. ഹോമറും ദുരന്ത നാടകങ്ങളുടെ കർത്താക്കളും ആവിഷ്കരിച്ച നൂതന അനുഭൂതികളുടെ ഉറവിടം യവനന്മാരുടെ മതദർശനത്തിൽനിന്നായിരുന്നുവെന്ന് ടോൾസ്റ്റോയി പറഞ്ഞിട്ടുണ്ട്. നവോത്ഥാന കാലത്തെ കലകളിൽ മതപരമായ പ്രമേയങ്ങൾ വന്നത് വിസ്മരിക്കാനാവില്ല. വിശ്വാസത്തിന് ശക്തിപകർന്നാണ് കിഴക്കും പടിഞ്ഞാറും ഭാവന വളർന്നതെന്ന് ഈ വസ്തുതകൾ വ്യക്തമാക്കുന്നു.

ബൗദ്ധികവും ബോധപൂർവവുമായ ഒരു വ്യാപാരമെന്ന നിലയിൽ മുൻകാല സാഹിത്യം സത്യങ്ങളുടെ ആവിഷ്കരണത്തിൽ ശ്രദ്ധിച്ചിരുന്നതായി ഗവേഷകർ അഭിപ്രായപ്പെടുന്നു.  പ്രപഞ്ചത്തെയും ഈശ്വരനെയും ജീവിത യാഥാർഥ്യത്തെയും കുറിച്ച സത്യങ്ങളായിരുന്നു പൂർവികരുടെ ഭാവനയിൽ. മറ്റുള്ളവരെ അറിയാനുള്ള ധാർമികാധ്യാപനങ്ങൾ കലയിലൂടെ മനുഷ്യന് ലഭിച്ചിരുന്നതായി പ്രഫ. പി.ടി ചാക്കോ നിരീക്ഷിക്കുന്നുണ്ട്. കൃതികൾ പരാവർത്തനം ചെയ്യുന്നവർ അത്തരം സത്യങ്ങൾ പുറത്തെടുത്തു. എന്നാൽ പിൽക്കാലത്ത് വിശ്വാസം, നന്മ, നീതി തുടങ്ങിയവ ഭാവരചനകൾക്കുണ്ടാവേണ്ട മൗലിക ഗുണങ്ങളാണെന്ന വസ്തുത തമസ്കരിക്കപ്പെട്ടു.

വിശ്വാസത്തെ പുഷ്കലമാക്കുന്ന ഭാവന മനഃസംസ്കരണമാണ് പ്രദാനം ചെയ്യുന്നത്. അതുമായി അടുക്കുംതോറും അന്തരംഗത്ത് പുതിയ ജ്ഞാനത്തിന്റെയും ബോധത്തിന്റെയും പ്രഭ അനുഭവപ്പെടും. മനസ്സിനെ മലിനമാക്കി കർമരംഗം പാപപങ്കിലമാക്കുന്ന ഭാവന ജനതയെ മഹാദുരന്തത്തിലേക്കാണ് നയിക്കുക. സമൂഹം അഭിമുഖീകരിക്കുന്ന അപകടകരമായ ഈ അവസ്ഥ മാറണമെങ്കിൽ ഭാവന വിശ്വാസത്തിൽനിന്ന് ഊർജം സ്വീകരിക്കണം. മനസ്സിന്റെ വൈകല്യങ്ങളെ അത് അപഗ്രഥിക്കണം. അതിലൂടെ വ്യക്തിയെയും സമൂഹത്തെയും സംസ്കരിക്കാൻ കരുത്തുപകരുന്ന വിശ്വാസത്തിലേക്ക് ജീവിതവ്യവഹാരങ്ങളെ ലയിപ്പിക്കാൻ കഴിയണം. ഓരോ ജീവിതാവസ്ഥയുടെയും പിന്നിലുള്ള പ്രേരകശക്തിയെ കണ്ടെത്താനും വിശ്വാസവുമായുള്ള അവയുടെ ബന്ധത്തെ പുറത്തെടുക്കാനും കൃതി കരുത്ത് കാട്ടുമ്പോഴാണ് വിശ്വാസം ഭാവനയെ വികസിപ്പിക്കുക.

മനുഷ്യന്റെ ആന്തരികവും ബാഹ്യവുമായ അവസ്ഥകളെയാണ് ഭാവന പ്രകാശിപ്പിക്കുന്നത്. വിശ്വാസം ആ രണ്ട് അവസ്ഥകളെയും സ്പർശിക്കുകയും സ്വാധീനിക്കുകയും ചെയ്യുന്നുണ്ട്. ആന്തരിക മാറ്റത്തെപ്പോലെ ബാഹ്യ കർമങ്ങളിലും പരിവർത്തനം വരുത്തുകയാണ് വിശ്വാസത്തിന്റെ ലക്ഷ്യം. ഭാവന, സമൂഹത്തിലെ അസമത്വങ്ങൾക്കെതിരെ ശബ്ദിക്കുകയും പുതിയ ലോകത്തിന് വേണ്ടി മനസ്സിനെ ഒരുക്കുകയും ചെയ്യുന്നു. മനസ്സിൽ നന്മ ഉണർത്തുകയാണ് ഭാവനയിലൂടെ വിശ്വാസം ഏറ്റെടുക്കുന്ന ദൗത്യം. സമൂഹത്തിൽ നന്മയും സദാചാരമൂല്യങ്ങളും മേളിക്കുമ്പോഴാണ് വിമോചനത്തിലേക്ക് നയിക്കുന്ന പരിവർത്തനം ഉണ്ടാവുക. എന്നാൽ അധികാരികളുടെ ആഡംബരങ്ങളും സുഖലോലുപതയും ആരോഗ്യകരമായ പരിവർത്തനത്തിന് വിഘാതമായി നിൽക്കും. അവർ ഭാവനയിൽനിന്ന് വിശ്വാസത്തെ അകറ്റും. പകരം നിരീശ്വരത്വത്തെയോ സ്വാർഥ ദൈവങ്ങളെയോ തൽസ്ഥാനത്ത് കുടിയിരുത്തും. അതോടെ ഭാവന മദ്യത്തിന്റെയും മദിരാക്ഷിയുടെയും ദുരഭിമാനത്തിന്റെയും ഉൽപാദന കേന്ദ്രമാവുന്നു. ആ മാറ്റം സമൂഹത്തിന്റെ പതനത്തിനും സംസ്കാരശൂന്യമായ ലോകത്തിന്റെ സൃഷ്ടിപ്പിനും അടിത്തറ പാകും. അങ്ങനെയുള്ള സാഹചര്യത്തിൽനിന്ന് ഉയർന്നുവന്ന കഥാപാത്രങ്ങൾ പലപ്പോഴും ദുർമരണത്തിലേക്ക് നയിക്കപ്പെടുകയാണ് ചെയ്യുക. വിശ്വാസം ചോർന്നുപോയ മനസ്സിൽ പ്രതിഷ്ഠിക്കപ്പെട്ട നവവിഗ്രഹങ്ങളാണതിന് കാരണമെന്ന് നമുക്ക് കണ്ടെത്താനാവും.

അത്തരം ദുരന്തത്തിൽനിന്ന് മാനവരാശിയെ മോചിപ്പിക്കാനാണ് മുഹമ്മദ് നബി മറ്റെല്ലാ രംഗത്തുമെന്നപോലെ കാവ്യകലയെപ്പറ്റിയും പുരോഗമനാത്മകമായ നിരീക്ഷണം നടത്തിയത്. പ്രവാചകന്റെ കാലം മുതൽ ഇസ്‌ലാമിന്റെ സാന്നിധ്യം അറിഞ്ഞ എല്ലാ ഭാഷകളിലെയും ഭാവനയിൽ വിശ്വാസത്തിനുള്ള പങ്കിനെപ്പറ്റി വിചിന്തനം നടന്നിട്ടുണ്ട്. ഇന്നും അത് തുടരുന്നു. മനുഷ്യനെ പുരോഗതിയിലേക്ക് നയിക്കുന്ന മാധ്യമമായിട്ടാണ് പ്രവാചക പാഠങ്ങൾ സാഹിത്യത്തെ അടയാളപ്പെടുത്തുന്നത്.

വ്യക്തമായ ലക്ഷ്യത്തോടെ ലക്ഷ്യത്തോടെയാവണം ജീവിതത്തെ പുനഃപ്രകാശിപ്പിക്കേണ്ടത്. വേദനകളെയും വിനോദങ്ങളെയും സമൂഹത്തിന് പകർന്നുകൊടുക്കുന്ന ദൗത്യം നിർവഹിക്കേണ്ടത്, വിശ്വാസത്തോടൊപ്പം ഭാവനയും ഉള്ളവരോ വിശ്വാസത്തിന്റെ മഹത്വത്തിന് സാക്ഷികളായ ഭാവനാശാലികളോ ആവണം. എങ്കിൽ മാത്രമേ വിവേകമതികളായ സമൂഹം ജന്മംകൊള്ളുകയുള്ളൂ. ജനപഥങ്ങളുടെ ജീവിതം ഒപ്പിയെടുക്കാൻ ഭാവനാശേഷിയുള്ളവർക്ക് കഴിയും. അവ സമൂഹത്തെ സ്വാധീനിക്കുമെന്നതിലും സംശയമില്ല. എന്നാൽ സമൂഹത്തിന് വിവേകപൂർവം മുന്നോട്ടുപോകാൻ ശക്തിപകരുന്ന കൃതി പിറവിയെടുക്കണമെങ്കിൽ ഭാവനയുടെ കരുത്ത് മാത്രം മതിയാവില്ല; വിശ്വാസത്തിന്റെ ഭാവം കൂടി അതിനുണ്ടാവണം. അതിനുവേണ്ടിയാണ് കവിയുടെയും സാഹിത്യകാരന്റെയും ഹൃദയത്തിൽ വിശ്വാസമുള്ള മനസ്സ് ഉണ്ടാകാൻ പ്രവാചകൻ ആഗ്രഹിച്ചത്; സാഹിത്യത്തെ സ്വീകാര്യവും അസ്വീകാര്യവും എന്നിങ്ങനെ രണ്ടായി വകതിരിച്ചതും.

വിശ്വാസത്തിന്റെ സുഗന്ധവും കലാമേന്മയുമുള്ള രചനകൾ ആസ്വാദകനെ സ്വാധീനിക്കുമെന്നതിൽ സംശയമില്ല. ഇമാം അഹ്‌മദ്ബ്നു ഹമ്പൽ ഗാനങ്ങളെയും കവിതകളെയും നിരുത്സാഹപ്പെടുത്തിയിരുന്നു. വിശേഷിച്ചും നരകത്തെയും സ്വർഗത്തെയും പരാമർശിക്കാത്ത രചനകളെ. എന്നാൽ പരലോക ചിന്ത ഉണർത്തുന്ന കവിതകൾ അദ്ദേഹം ആസ്വദിച്ചിരുന്നു. അദ്ദേഹത്തിന്റെ സഹചാരിയായിരുന്ന അബൂഹാമിദ് ഖൽഫാനി അതേപറ്റി ഇമാമിനോട് ചോദിച്ചു. അപ്പോൾ ഇമാം കവിത കേൾപ്പിക്കാൻ ആവശ്യപ്പെട്ടു. ഉടനെ ഖൽഫാനി കവിത ആലപിച്ചു:

*എന്റെ നാഥൻ ചോദിച്ചേക്കാം,*
*എന്നെ നീ അനുസരിക്കാതിരിക്കുകയോ?*
*നാണമില്ലേ?*
*സൃഷ്ടികൾ കാണാതിരിക്കാൻ*

*കുറ്റങ്ങളെ നീ രഹസ്യമാക്കുന്നു,*
*ഞാൻ കണ്ടുകൊണ്ടിരിക്കെ*
*പാപങ്ങളിൽ നീ മുഴുകുന്നു.*

കവിത കേട്ടപ്പോൾ ആവർത്തിച്ച് ചൊല്ലാൻ അഹ്മദ്ബ്നു ഹമ്പൽ ആവശ്യപ്പെട്ടു. പിന്നെ അദ്ദേഹം ഖൽഫാനിയുടെ മുമ്പിൽ നിന്നെഴുന്നേറ്റ് വിശ്രമമുറിയിൽ കടന്ന് വാതിലടച്ചു. പന്തികേട് തോന്നിയ ഖൽഫാനി മുറിക്കകത്തേക്ക് കാത് കൂർപ്പിച്ച് വാതിലിനരികെ നിന്നു. അപ്പോൾ അകത്തുനിന്ന് ആ വരികൾ ഉരുവിട്ട് അഹ്മദ് ഇബ്നു ഹമ്പൽ തേങ്ങിക്കരയുകയായിരുന്നു.

പരലോക ചിന്ത ഉണർത്താത്ത കവിതകളെ നിരുത്സാഹപ്പെടുത്തിയ ഇബ്നു ഹമ്പൽ പശ്ചാത്താപത്തിന് പ്രേരിപ്പിക്കുന്ന കവിത താൽപര്യത്തോടെ ആസ്വദിക്കുകയായിരുന്നു. ഹൃദയത്തെ സ്പർശിക്കുന്ന പ്രമേയവും ബുദ്ധിയെ സ്വാധീനിക്കുന്ന അവതരണവുമാണ് ഖൽഫാനി ആലപിച്ച കവിതയിൽ. മനുഷ്യനെ അധർമത്തിൽനിന്ന് പിന്തിരിപ്പിക്കാനും സൽക്കർമത്തിന് പ്രേരിപ്പിക്കാനും ഉതകുന്ന രചനകളെ അഹ്മദ്ബ്നു ഹമ്പൽ വിലമതിച്ചതായി ചരിത്രം പഠിപ്പിക്കുന്നു.

എന്നാൽ ഇന്ന് പരലോക ബോധമോ പശ്ചാത്താപ ചിന്തയോ വളർത്തുന്ന ജീവിതചിത്രങ്ങൾ അപൂർവമായേ ആവിഷ്കരിക്കപ്പെടുന്നുള്ളൂ. ആഡംബര ജീവിതവും സുഖലോലുപതയും ചിത്രീകരിക്കുന്നവയാണ് ഇന്നത്തെ മിക്ക രചനകളും. പുതിയ കാലത്തെ ഉയർന്ന തൊഴിൽ സാധ്യതകളും വർധിച്ച വരുമാനവും വലിയൊരു വിഭാഗത്തെ സുഖലോലുപരാക്കിയിരിക്കുന്നു. അവർക്ക്, സേവനത്തിന്റെയും ത്യാഗത്തിന്റെയും അനുഭവങ്ങളേക്കാൾ താൽപര്യം ജീവിതത്തെ രമിപ്പിക്കുന്ന ചിത്രങ്ങളോടാണ്. അവയാകട്ടെ സമൂഹത്തിന്റെ പതനത്തിന് ആക്കംകൂട്ടുന്നവയും. അതിനെപ്പറ്റി ഇബ്നു ഖൽദൂൻ മുന്നറിയിപ്പ് നൽകുന്നുണ്ട്. ഗ്രാമീണവും നാഗരികവുമായ രണ്ട് ഘട്ടങ്ങളിലൂടെയാണ് ഓരോ സമൂഹവും കടന്നു പോകുന്നത്. നാഗരികതയിലേക്ക് രൂപാന്തരപ്പെടുമ്പോൾ സമൂഹത്തിന്റെ ആന്തരിക ശക്തി ചോർന്നുപോകും. കലകളും കരകൗശലങ്ങളും ശാസ്ത്രങ്ങളും ആഡംബരത്തോട് അടുപ്പിക്കുകയും, ത്യാഗത്തിന്റെയും സേവനത്തിന്റെയും പാഠങ്ങൾ വിസ്മരിപ്പിക്കുകയുമാണ് ചെയ്യുക. അതിനാൽ നാഗരിക വളർച്ച പ്രാപിച്ച സമൂഹത്തിന്റെ സാഹിത്യം സേവനത്തിന്റെയും ത്യാഗത്തിന്റെയും വിശ്വാസത്തിന്റെയും പാഠങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കണം. എങ്കിൽ മാത്രമേ ജീർണതയെ പ്രതിരോധിക്കാൻ സാധ്യമാവൂ.

ഇതിന്റെ മികച്ച ഉദാഹരണമാണ് മധ്യകാലത്തെ മുസ്‌ലിം ഭരണകൂടങ്ങളുടെ പതനം. പതിനെട്ടും പത്തൊമ്പതും നൂറ്റാണ്ടുകളിൽ അവിടെ വളർന്നുവന്ന കലയും സാഹിത്യവും അങ്ങേയറ്റം ശോചനീയമായിരുന്നു. നൂറ്റാണ്ടുകളുടെ പഴക്കത്തിന് മായ്ക്കാൻ കഴിയാത്ത ഈടുറ്റ വാസ്തുശിൽപങ്ങൾ നിർമിച്ച മുഗളന്മാരുടെയും ഉസ്മാനികളുടെയും പിൻഗാമികൾ, പ്രേമ ചേഷ്ടകൾക്കും നാരീവർണനകൾക്കുമുള്ള ഒരിടം മാത്രമായി കലയെയും സാഹിത്യത്തെയും അധഃപതിപ്പിച്ചു. ആഡംബര പ്രിയരായ അന്നത്തെ ജനത വിശ്വാസവും സദാചാരമൂല്യങ്ങളുമെല്ലാം കലയിൽനിന്ന് പിഴുതെറിയുകയും ചെയ്തു. ഏഷ്യ, ആഫ്രിക്ക, യൂറോപ്പ് വൻകരകളിൽ വ്യാപിച്ചു കിടന്ന ആ സാമ്രാജ്യങ്ങളെ നിലംപരിശാക്കുന്നതിൽ ഒരു പങ്ക് അന്നത്തെ കലകൾക്കും അവകാശപ്പെട്ടതാണ്. ■